(ബി) നിലവിൽ കൊടുത്തുതീർക്കുവാൻ ഏതെല്ലാം വിഭാഗങ്ങളിൽ എത്ര അപേക്ഷകൾ ബാക്കിയുണ്ട് എന്ന് ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) അപേക്ഷ നൽകിയിട്ടുള്ളവർക്ക് എത്ര നാൾക്കകം കണക്ഷൻ നൽകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

വിഭാഗം	എണ്ണം
ഗാർഹികം	1145460
വ്യാപാരം	278278
കാർഷികം	51426
വ്യാവസായികം	26166

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഈ സാമ്പത്തിക വർഷം 5 ലക്ഷം കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിനാൽ അപേക്ഷിച്ചിട്ടുള്ള എല്ലാ ഉപഭോക്താക്കൾക്കും ഈ സാമ്പത്തിക വർഷം തന്നെ കണക്ഷൻ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഗാർഹിക കണക്ഷൻ നൽകുന്നതിന് തടസ്സങ്ങൾ

5 [1902] ശ്രീ. തേനാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി 2005 ജനുവരി 31 വരെ അപേക്ഷ നൽകിയവർ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏത് തീയതി വരെയുള്ള അപേക്ഷകർക്കാണ് ഇപ്പോൾ കണക്ഷൻ നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) സാധന സാമഗ്രികളുടെ അപര്യാപ്തത മൂലം കണക്ഷൻ ലഭിക്കാത്ത അപേക്ഷകരുടെ എണ്ണവും, ഇതിൽ വൈദ്യുതി പോസ്റ്റുകളുടെ കുറവ് കാരണം കണക്ഷൻ ലഭിക്കാത്ത അപേക്ഷകരുടെ എണ്ണവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 410687 പേർ.

† അനുബന്ധം II

2/2316/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നോർമൽ വെതർപ്രൂഫ് കണക്ഷനുകൾ 31-12-2004 വരെയും നോർമൽ ഒ. എച്ച്. കണക്ഷനുകൾ 31-12-2003 വരെയും ഒ. റ്റി. പി. വിഭാഗത്തിൽ ഉള്ള വികസനാംഗർക്ക് 31-12-2004 വരെയും രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കാണ് ഇപ്പോൾ കണക്ഷൻ നൽകാൻ വകുപ്പിട്ടിരിക്കുന്നത്. മറ്റ് ഒ. റ്റി. പി. വിഭാഗത്തിലുള്ളവർക്ക് ടാർജറ്റ് കൂടാതെ കണക്ഷൻ നൽകുന്നുണ്ട്. കൂടാതെ ഒ. വൈ. ഇ. സി. പദ്ധതി പ്രകാരം പണമടച്ചവർക്ക് മുൻഗണനാക്രമത്തിൽ ഉടനടി കണക്ഷൻ നൽകിവരുന്നു.

(സി) സാധന സാമഗ്രികളുടെ അപര്യാപ്തതമൂലം 166068 കണക്ഷനുകൾ നൽകുവാനുണ്ട്. ഇതിൽ 100186 കണക്ഷനുകൾ പോസ്റ്റുകളുടെ കുറവു കാരണം നൽകുവാൻ ബാക്കിയുള്ളതാണ്.

വൈദ്യുതി സമാഹിതശേഷിയുടെ നിലവാരം

6 [1903] ശ്രീ. സാജു പോൾ:
,, ടി. പി. രാമകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ എൽ. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ എല്ലാ നിലയിലുമുള്ള വൈദ്യുതി പദ്ധതികളുടെ മൊത്തം സമാഹിത ശേഷി എത്രയായിരുന്നു;

(ബി) എൽ. ഡി. എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ സമാഹിതശേഷി മൊത്തം എത്ര മെഗാവാട്ട് ആയി വർദ്ധിച്ചു;

(സി) ആന്റണി സർക്കാർ ഒഴിയുമ്പോൾ സമാഹിതശേഷി എത്രയായി വർദ്ധിച്ചു; ഇപ്പോൾ സമാഹിതശേഷി എത്രയാണ്?

ഉത്തരം

(എ) 1996-ൽ മുൻ എൽ. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈദ്യുതപദ്ധതികളുടെ സമാഹിതശേഷി 1505.50 മെഗാവാട്ട് ആയിരുന്നു.

(ബി) 2001-ൽ എൽ. ഡി. എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ കേന്ദ്ര ഉടമസ്ഥതയിലുള്ള കായംകുളം എൻ. ടി. പി. സി. യുടെ 359.58 മെഗാവാട്ടും സ്വകാര്യമേഖലയിലുള്ള കാസർകോഡ് പവർകോർപ്പറേഷനിൽനിന്നുള്ള 20.04 മെഗാവാട്ടും കോഴിക്കോട് ഡീസൽ പവർ പ്രോജക്ടിൽ നിന്നുള്ള 128 മെഗാവാട്ടും തെർമൽ എനർജി ഉൾപ്പെടെ സമാഹിതശേഷി മൊത്തം 2420.68 മെഗാവാട്ട് ആയി വർദ്ധിച്ചു.

(സി) 31-8-2004-ൽ ആന്റണി സർക്കാർ ഒഴിയുമ്പോൾ സ്വകാര്യ മേഖലയിലെ കുത്തുങ്കൽ 21 മെഗാവാട്ട്, ബി. എസ്. ഇ. എസ്. 157 മെഗാവാട്ട് എന്നിവ ഉൾപ്പെടെ സമാഹിതശേഷി 2614.22 മെഗാവാട്ട് ആയി വർദ്ധിച്ചു (31-8-2004). ഇപ്പോഴത്തെ സമാഹിത ശേഷി 2614.22 മെഗാവാട്ട് ആണ് (1-2-2005).

LIBRARY ARCHIVES Kerala Legislative Assembly